(ബി) എങ്കിൽ പ്രസ്തുത ആക്ഷേപങ്ങൾക്കിടയായ നടപടികളെക്കുറിച്ച് പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഈ കേസിൽ കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട കുറ്റപത്രങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-ബി) ടി വിഷയം സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാർകോഴക്കേസ് സംബന്ധിച്ച വിജിലൻസ് കേസന്വേഷണം പുരോഗമിച്ചുവരുന്നു. ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

അഴിമതിക്കെതിരെ ഫലപ്രദമായ നടപടി

272 (276) ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ :
ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സമസ്ത മേഖലകളിലും അഴിമതി കൊടികുത്തി വാഴുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അഴിമതി ഫലപ്രദമായി നേരിടുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) സർക്കാർ തലത്തിൽ അഴിമതി വർദ്ധിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; മന്ത്രിമാർ ആരോപണ വിധേയരാകുന്നതും, പല കേസുകളിലും പ്രതികളാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അഴിമതിക്കാരെ ഭരണത്തിന്റെ എല്ലാ തലത്തിൽനിന്നും അകറ്റി നിർത്തുന്നതിനും ഉന്നയിക്കപ്പെട്ട ആരോപണങ്ങളിൽ മുഖംനോക്കാതെ നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ ?

ഉത്തരം

(എ) വിവിധ മേഖലകളിലെ അഴിമതിയെ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ വ്യക്തമായി ഉന്നയിക്കപ്പെടുന്ന ആരോപണങ്ങൾ അന്വേഷിക്കുന്നതിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നിലവിലെ അധികാരമുപയോഗിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്കു പുറമെ അതാതു വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേകം പ്രത്യേകം വിജിലൻസ് സെല്ലുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. അഴിമതി ഫലപ്രദമായി നേരിടാൻ ഇത്തരം സംവിധാനങ്ങൾ പര്യാപ്തമാണ്.

326/2021

LIBRARY ARCHIVES Kerala Legislative Assembly

(ബി) അഴിമതി കർശനമായി നേരിടാൻ നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് അഴിമതി സംബന്ധിച്ച കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ആരോപണ വിധേയരാകുന്നവരുടെ പദവിയോ, ആരോപണ കർത്താവിന്റെ ഉദ്ദേശ്യ ശുദ്ധിയോ നോക്കാതെ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി മന്ത്രിമാരുടെ പേരിലുള്ള ആരോപണങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്.

(സി) ഉന്നയിക്കപ്പെടുന്ന ആരോപണങ്ങളിൽ നിയമം അനുശാസിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാറുണ്ട്.

മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ്

273 (277) ശ്രീമതി എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ മന്ത്രിസഭയിലെ ഏതെല്ലാം മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട് ; മന്ത്രിമാരുടെ പേരും വിശദാംശങ്ങളും വ്യക്തമാക്കുമോ ; ഓരോ അന്വേഷണവും എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് വിജിലൻസ് കോടതികൾ ഉത്തരവിട്ടുണ്ട് ; മന്ത്രിമാരുടെ പേരും കേസ്സിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം മന്ത്രിമാർക്കെതിരെ വിവിധ കോടതികളും ലോകായുക്തയും അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇപ്പോഴത്തെ മന്ത്രിസഭയിൽ വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്ന മന്ത്രിമാരുടെ പേരും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

1. ശ്രീ. അടൂർ പ്രകാശ് (കുറ്റാരോപിതൻ - 1):

2004-06 കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരുന്ന സമയത്ത് ശ്രീ. വി. രാജുവുമായി (കുറ്റാരോപിതൻ - 2; മന്ത്രിയുടെ പേഴ്സണൽ സെക്രട്ടറി) ചേർന്ന് ഔദ്യോഗിക പദവി ദുർവിനിയോഗം നടത്തി റേഷൻ കടകൾക്കുവേണ്ടി (Authorised Wholesale Dealer) അപേക്ഷിച്ച ശ്രീ. അബ്ദുൾ റഹ്മാൻ എന്നയാളിൽ നിന്നും 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ്. (വി.സി.02/2008/എൻ.ആർ.കെ) 20-2-2008-ൽ രജിസ്റ്റർ ചെയ്യുകയും ഈ കേസിന്റെ കുറ്റപത്രം 28-2-2011-ൽ സമർപ്പിക്കുകയും അതിനു ശേഷം അന്വേഷണ ഏജൻസിയുടെ അപേക്ഷയെ തുടർന്ന് തുടരന്വേഷണത്തിന് (Further Investigation) കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് ഉത്തരവിടുകയും ചെയ്തു. തുടരന്വേഷണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly